പട്ടികജാതി വികസന വകുപ്പ് പട്ടികജാതി വിഭാഗക്കാരുടെ ഉന്നമനം ലക്ഷ്യമിട്ട് പട്ടികജാതി വികസന നയം രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ട്. കരട് നയം രൂപീകരിച്ച് സർക്കാരിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. അഭിപ്രായങ്ങൾ സ്വരൂപിച്ചുകൊണ്ടിരിക്കുന്നതിനാൽ നയം പൂർണ്ണ രൂപത്തിലായിട്ടില്ല.

പിന്നോക്ക സമുദായ വികസനത്തിനായി പ്രത്യേക നയം രൂപീകരിച്ചിട്ടില്ല.

(ബി&സി) വികേന്ദ്രീകൃതാസൂത്രണത്തിന്റെ ഫലമായി പട്ടികജാതി/പട്ടികവർഗ്ഗ വികസനത്തിനായി വകയിരുത്തുന്ന മൊത്തം തുകയുടെ നിശ്ചിത ശതമാനം തുക തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾവഴിയാണ് ചെലവഴിക്കുന്നത്. ഇപ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾവഴി പദ്ധതികൾ നടപ്പിലാക്കുമ്പോൾ ഈ വിഭാഗക്കാരുടെ യഥാർത്ഥ പ്രശ്നങ്ങൾ മനസ്സിലാക്കാൻ കഴിയുകയും ഫലപ്രദമായി പദ്ധതികൾ നടപ്പിലാക്കാൻ കഴിയുകയും ചെയ്യുന്നു. വികേന്ദ്രീകൃതാസൂത്രണത്തിന്റെ ഫലമായി പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിന്റെ മൊത്തത്തിലുള്ള പിന്നോക്കാവസ്ഥ ലഘൂകരിക്കാൻ കഴിഞ്ഞിട്ടുണ്ടോ എന്നത് സംബന്ധിച്ച് വിലയിരുത്തലുകൾ നടത്തിയിട്ടില്ല.

പിന്നോക്ക സമുദായങ്ങളുടെ സാമൂഹ്യ സാമ്പത്തിക പുരോഗതി സംബന്ധിച്ച് വിശദാംശങ്ങൾ ഗ്രാമവികസന വകുപ്പുവഴി നടത്തുന്ന സാമൂഹ്യ സാമ്പത്തിക സെൻസസിന്റെ റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്കേ വിലയിരുത്താനാവുകയുള്ളൂ.

മരുന്നുകൾ നശിപ്പിച്ച സംഭവം

21 (*801) ശ്രീ. മാത്യു റ്റി. തോമസ് :
ശ്രീ. സി. കെ. നാണു :
ശ്രീമതി ജമീലാ പ്രകാശം :
ശ്രീ. ജോസ് തെറ്റയിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) ആരോഗ്യ വകുപ്പിന്റെകീഴിൽ സൂക്ഷിച്ചിരിക്കുന്ന മരുന്നുകൾ വ്യാപകമായി കത്തിച്ച് നശിപ്പിച്ച സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എവിടെയൊക്കെയാണ് അത്തരം സംഭവങ്ങൾ ഉണ്ടായതെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) കാലാവധി കഴിയാത്തതടക്കമുള്ള മരുന്നുകൾ നശിപ്പിക്കാൻ ഉണ്ടായ കാരണങ്ങൾ വ്യക്തമാക്കാമോ ;

(ഡി) ഇതുമൂലം ഉണ്ടായിട്ടുള്ള സാമ്പത്തിക നഷ്ടം കണക്കാക്കിയിട്ടുണ്ടോ ; വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ) :

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി&സി) ബാധകമല്ല.

(ഡി) സാമ്പത്തിക നഷ്ടം ഉണ്ടായിട്ടില്ല.

വ്യാജ മരുന്നുകളുടെ വിപണനം

22 (*802) ശ്രീ. പി. തിലോത്തമൻ :
ശ്രീ. ഇ. ചന്ദ്രശേഖരൻ :
ശ്രീ. മുല്ലക്കര രത്നാകരൻ :
ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) വ്യാജവും ഗുണമേന്മയില്ലാത്തതുമായ മരുന്നുകളുടെ വിപണനം തടയുന്നതിന് എന്തെല്ലാം സംവിധാനങ്ങൾ നിലവിലുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) മരുന്നുകളുടെ പരിശോധന യഥാസമയം നടത്തുന്നതിനാവശ്യമായ സംവിധാനങ്ങളില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ അത് പരിഹരിക്കുന്നതിന് എന്തുനടപടികളാണ് സ്വീകരിക്കുന്നതെന്ന് അറിയിക്കുമോ ;

(സി) പരിശോധനക്കായി മരുന്നുകൾ കെട്ടിക്കിടക്കുന്നുണ്ടോ ; എങ്കിൽ മൊത്തം എത്ര മരുന്ന് സാമ്പിളുകൾ കെട്ടിക്കിടക്കുന്നുണ്ടെന്ന് വിശദമാക്കുമോ ?

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ) :

(എ) ഡ്രഗ്സ്, ഇൻസ്പെക്ടർമാർ സംസ്ഥാനത്തെ മെഡിക്കൽ ഷോപ്പുകൾ, ആശുപത്രികൾ, ഔഷധ മൊത്തവിതരണ സ്ഥാപനം എന്നിവിടങ്ങളിൽ പരിശോധന

LIBRARY ARCHIVES Kerala Legislative Assembly